പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 321 09.06.2014-ൽ മറുപടിക്ക്

<u>കോതമംഗലം കെ.എസ്.ആർ.ടി.സി ബസ് ഡിപ്പോ നവീകരണം</u>

<u>ചോദ്യം</u> <u>ഉത്തരം</u>

ശ്രീ. റ്റി.യു. കുരുവിള :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും
സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കോതമംഗലം കെ.എസ്.ആർ.ടി.സി ബസ് ഡിപ്പോ നവീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് വ്യക്തമാക്കുമോ ; | (എ) | എം.എൽ.എ ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിച്ചിട്ടുള്ള 75 ലക്ഷം (എഴുപത്തഞ്ച് ലക്ഷം) രൂപ ഉപയോഗപ്പെടുത്തി ഒരു ഗ്യാരേജും പൊതു ജനങ്ങൾക്കുള്ള ടോയ്ലറ്റ് ബ്ലോക്കും നിർമ്മിക്കുന്നതിന് ടെണ്ടർ ക്ഷണിച്ച് ടി ജോലി അനുവദിച്ച് നൽകുന്നതിനായുള്ള അംഗീകാരത്തിനു വേണ്ടി കെ.എസ്.ആർ.ടി.സി ബോർഡിന് മുമ്പാകെ സമർപ്പിച്ചിരിക്കുകയാണ്. |
| (ബി) | വിനോദ സഞ്ചാരികൾക്ക് ഗുണകരമായ കോതമംഗലം കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ ആധുനിക സൗകര്യങ്ങളോട് കൂടിയ 'അമിനിറ്റീസ് സെന്റർ' ആരംഭിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; | (ബി) | വനിതാ യാത്രക്കാർക്കായി ടോയ്ലറ്റ് സൗകര്യങ്ങളോട് കൂടിയ ഒരു വിശ്രമ കേന്ദ്രം പണികഴിപ്പിച്ച് നൽകിയിട്ടുണ്ട്. |
| (സി) | ഈ ഡിപ്പോയിൽ നിന്നും കൂടുതൽ സർവ്വീസുകൾ ആരംഭിക്കുന്നതിന് നടപടി ഉണ്ടാകുമോ ? | (സി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ